# A+ BLOG UNIT EXAMINATION-2021

## BIOLOGY

STD:10

Time : 45 Min **അറിയാനും പ്രതികരിക്കാനും** Total score: 20

---

1 മുതൽ 3 വരെ ചോദ്യങ്ങൾക്ക് രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഒരു സ്കോർ വീതം (2x1)

1. പാർക്കിൻസൺസ് രോഗവുമായി ബന്ധപ്പെട്ട നാഡീയ പ്രേഷകം ഏതാണ്?
   a. അസറ്റൈൽ കൊളിൻ b. ഡോപാമിൻ c.GABA d. ഗ്ലൈസിൻ
2. തെറ്റുണ്ടെങ്കിൽ അടിവരയിട്ടിരിക്കുന്ന പദം മാത്രം തിരുത്തുക
   കേന്ദ്രനാഡീവ്യവസ്ഥയിലെ മയലിൻഷീത്ത് <u>ഒളിഗോഡെൻഡ്രോസൈറ്റുകൾ</u> എന്ന സവിശേഷ കോശങ്ങളാൽ നിർമിക്കപ്പെട്ടിരിക്കുന്നു.
3. ഒറ്റപ്പെട്ടതേതെന്ന് കണ്ടെത്തുക. മറ്റുള്ളവയുടെ പൊതുസവിശേഷതഎഴുതുക
   a. ഇന്റർന്യൂറോൺ b. സെൻട്രൽ കനാൽ c. ഗ്രാഹി d. പ്രേരകനാഡി e. ബന്ധപ്പെട്ട പേശി

**4 മുതൽ 8 വരെ ചോദ്യങ്ങൾക്ക് നാലെണ്ണത്തിന് ഉത്തരമെഴുതുക: രണ്ട് സ്കോർ വീതം. (4x2)**

4. തലച്ചോറും സുഷുമ്നയും ഏതാണ്ട് ഒരേതരത്തിലാണ് സംരക്ഷിക്കപ്പെട്ടിട്ടുള്ളത് ഈ പ്രസ്താവന വിശകലനം ചെയ്യുക.
5. a. താഴെ തന്നിരിക്കുന്ന ചിത്രം തിരിച്ചറിയുക.



   b. "രണ്ടു നാഡീകോശങ്ങൾക്കിടയിൽ മാത്രമേ സിനാപ്സ് കാണപ്പെടുന്നുള്ളൂ" ഈ പ്രസ്താവനയോട് നിങ്ങൾ എങ്ങനെ പ്രതികരിക്കുന്നു?
6. സുഷുമ്നയും ശരീരത്തിന്റെ വിവിധ ഭാഗങ്ങളും തമ്മിലുള്ള ആവേഗങ്ങളുടെ കൈമാറ്റത്തിൽ ഡോർസൽ റൂട്ടും, വെൻട്രൽ റൂട്ടും വലിയ പങ്ക് വഹിക്കുന്നു. ഈ പ്രസ്താവന സാധൂകരിക്കുക
7. സമീർ: സുഷുമ്നയുടേയും സെറിബ്രത്തിന്റെയും ബാഹ്യഭാഗത്ത് വൈറ്റ് മാറ്ററും ആന്തരഭാഗത്ത് ഗ്രേമാറ്ററും കാണപ്പെടുന്നു
   റീഗ: സെറിബ്രത്തിന്റെ ബാഹ്യഭാഗത്ത് ഗ്രേമാറ്ററും ആന്തരഭാഗത്ത് വൈറ്റ്മാറ്ററും കാണപ്പെടുന്നു. എന്നാൽ സുഷുമ്നയുടെ ബാഹ്യഭാഗത്ത് വൈറ്റ് മാറ്ററും ആന്തരഭാഗത്ത് ഗ്രേമാറ്ററും കാണപ്പെടുന്നു.
   നാഡി വ്യവസ്ഥയുമായി ബന്ധപ്പെട്ട് ക്ലാസിൽ നടന്ന ഗ്രൂപ്പ് ചർച്ചയിൽ പങ്കെടുത്ത സമീറും റീഗയും ഉന്നയിച്ച അഭിപ്രായങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്
   a) ഇവയിൽ ആരുടെ അഭിപ്രായത്തോടാണ് നിങ്ങൾ യോജിക്കുന്നത്?
   b) വൈറ്റ്മാറ്റർ, ഗ്രേമാറ്റർ എന്തെന്ന് വിശദമാക്കുക?
8. രണ്ടു വ്യക്തികളുടെ രോഗലക്ഷണങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു

| A | B |
|---|---|
| കേവല ഓർമകൾ പോലും ഇല്ലാതാകുന്നു, കൂട്ടുകാരെയും ബന്ധുക്കളെയും തിരിച്ചറിയാൻ കഴിയാതെവരുന്നു. | ശരീരതുലനനില നഷ്ടപ്പെടുന്നു, പേശികളുടെ ക്രമരഹിതമായ ചലനം, ശരീരത്തിന് വിറയൽ. |

   a. A, B എന്നീ വ്യക്തികളുടെ രോഗങ്ങൾ തിരിച്ചറിയുക.

b. A എന്ന വ്യക്തിയുടെ രോഗകാരണം വിശദമാക്കുക.

9 മുതൽ 11 വരെ ചോദ്യങ്ങൾക്ക് രണ്ടെണ്ണത്തിന് ഉത്തരമെഴുതുക: മൂന്നുസ്കോർ വീതം. (2x3)

9. ആക്സോണിന്റെ പ്ലാസ്മാസ്തരത്തിന് ഇരുവശങ്ങളിലുമുള്ള ചാർജുകളുടെ വിന്യാസം സൂചിപ്പിക്കുന്ന ചിത്രീകരണം നിരീക്ഷിക്കുക.



a. പ്ലാസ്മാസ്തരത്തിന് ഇരുവശങ്ങളിലുമായി വ്യത്യസ്ത ചാർജുകൾ ഉണ്ടാകുന്നതിന് കാരണം എന്ത് ?

b. ഉദ്ദീപനങ്ങൾ പ്ലാസ്മാസ്തരത്തിന് ഇരുവശങ്ങളിലുമുള്ള ചാർജുകളിൽ എന്തു വ്യത്യാസമുണ്ടാക്കുന്നു ? ഈ വ്യത്യാസം സന്ദേശങ്ങളായി ആക്സോണിലൂടെ പ്രവഹിക്കുന്നതെങ്ങനെ?

10. സ്വതന്ത്യനാഡീവ്യവസ്ഥയുടെ ചില പ്രവനർത്തനങ്ങൾ ചുവടെ നൽകിയിരിക്കുന്നു. പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് ഉചിതമായ തലക്കെട്ടുകൾ നൽകി പട്ടികപ്പെടുത്തുക

a. പ്യൂപ്പിൾ വികസിക്കുന്നു. b. ഹോർമോൺ ഉൽപ്പാദനം കുറയുന്നു.

c. ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കുന്നു. d. പെരിസ്റ്റാൾസിസ് മന്ദീഭവിക്കുന്നു

e. ഉമിനീർ ഉൽപാദനം കൂടുന്നു. f. പെരിസ്റ്റാൾസിസ് സാധാരണ നിലയിലാകുന്നു.

11. ആവേഗങ്ങളുടെ പ്രസരണത്തെ സംബന്ധിക്കുന്ന ഫ്ളോചാർട്ട് തയ്യാറാക്കുക.

A. സിനാപ്റ്റിക് നോബ് B. ആക്സോണൈറ്റ് C. സിനാപ്റ്റിക് നോബ് D. ഡെൺഡ്രോൺ

E. നാഡീയ പ്രേഷകം F. സിനാപ്റ്റിക് വിടവ് G. ആക്സോൺ H. കോശശരീരം

I. തൊട്ടടുത്ത ന്യൂറോണിന്റെ ഡെൺഡ്രൈറ്റ്സ്.

12 മുതൽ 13 വരെ ചോദ്യങ്ങൾക്ക് ഒന്നിന് ഉത്തരമെഴുതുക: നാല് സ്കോർ വീതം. (1x4)

12. ചിത്രം പകർത്തിവരച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.



a) താഴെ തന്നിരിക്കുന്ന ഭാഗങ്ങൾ ചിത്രത്തിൽ അടയാളപ്പെടുത്തുക

i. സെറിബ്രം
ii. തലാമസ്
iii. സെറിബെല്ലം

b) ഓരോ ഭാഗത്തിന്റെയും ഒരു ധർമ്മം എഴുതുക

13. ചിത്രം പകർത്തിവരച്ച് താഴെ പറയുന്ന ഭാഗങ്ങളുടെ പേരെഴുതി അടയാളപ്പെടുത്തുക.



a. ഡോപാമിൻ സ്രവിക്കുന്ന ഭാഗം

b. തൊട്ടടുത്ത ന്യൂറോണിൽനിന്ന് സന്ദേശങ്ങൾ സ്വീകരിക്കുന്ന ഭാഗം

c. കോശശരീരത്തിൽ നിന്ന് ആവേഗങ്ങളെ പുറത്തേയ്ക്ക് സംവഹിക്കുന്ന ഭാഗം